13/10/21

8/10/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം 695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.667(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.6475/SIC-Gen4/2021**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ
തീയതി: 2021 ഒക്ടോബർ 8

ശ്രീ. കെ.ആർ. അരവിന്ദാക്ഷൻ,
കുവ്വക്കാടൻ ഹൗസ്,
കെ.എസ്.ആർ.ടി.സി. റോഡ്,
ചാലക്കുടി - 680 301
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (സി-സെക്ഷൻ), താലൂക്ക് ഓഫീസ്, ചാലക്കുടി, തൃശ്ശൂർ.
2. അപ്പീൽ അധികാരി & തഹസിൽദാർ, താലൂക്ക് ഓഫീസ്, ചാലക്കുടി, തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12/10/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 02/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 03/04/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 30/04/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 24/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 11/08/2021 |
| ഹിയറിംഗ് നടന്ന തീയതി | 07/10/2021 - വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

ശ്രീ. കെ.ആർ. അരവിന്ദാക്ഷൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 12.10.2020 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിലും 2.3.2021-ലെ ഒന്നാം അപ്പീൽ

അപേക്ഷയിലും ആവശ്യപ്പെട്ട വിവരങ്ങളും രേഖാപകർപ്പുകളും നൽകുവാൻ സത്വര നടപടികൾ സ്വീകരിക്കണമെന്നും കൂടാതെ എതിർകക്ഷികളിൽ നിന്നും പിഴ ഈടാക്കി അവർക്കെതിരെ അച്ചടക്ക നിയമ നടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് 15.2.2018, 01.06.2020 എന്നീ തീയതികളിൽ ഹർജിക്കാരൻ സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന വിവരങ്ങളാണ്:

i. .....Action Taken Report on the Complaints.

ii. ......Certified copies of orders, instructions and correspondence exchanged between 1st Respondent office and the District Collectorate, PWD, Irrigation Department etc. in above regard.

iii. .......To grant permission and make arrangements to inspect the concerned "hard copy files" consisting of all above.

iv. To take action on the application as per section 6(3) of the RTI Act, if needed.

3. മേൽപ്പടി അപേക്ഷയ്ക്ക് 20.10.2020 തീയതി നൽകിയ മറുപടിയിൽ ഒന്നാം എതിർകക്ഷി അറിയിച്ചത്, ഹർജിക്കാരൻ എതിർകക്ഷി ഓഫീസിൽ സമർപ്പിച്ച അപേക്ഷ പ്രകാരം സി1, ബി6 സീറ്റുകളിൽ നടപടികൾ തുടർന്ന് വരുന്നതാണെന്നും ടി രണ്ടു സീറ്റുകളിൽ നിന്ന് അയച്ചിട്ടുള്ളതും സീറ്റുകളിലേക്ക് ലഭിച്ചിട്ടുള്ളതുമായ കത്തുകളുടെ പകർപ്പുകൾ അനുവദിക്കുന്നതിന് നിശ്ചിത ഫീസായ 12/- രൂപ ട്രഷറിയിൽ ഒടുക്കി ചലാൻ രസീത് ഹാജരാക്കേണ്ടതാണെന്നും നിയമപ്രകാരമുള്ള ഫീസ് ഒടുക്കി രേഖകൾ പരിശോധിക്കാവുന്നതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്നും, ഫയലുകൾ നേരിട്ട് പരിശോധിച്ചതിൽ ഒരു ഫയൽ മാത്രമെ പരിശോധിക്കാൻ നൽകിയുള്ളുവെന്നും മറ്റ് ഫയലുകൾ ലഭ്യമല്ലായിരുന്നുവെന്നും അപേക്ഷയിന്മേൽ വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരമുള്ള നടപടി ഒന്നാം എതിർകക്ഷി സ്വീകരിച്ചില്ലെന്നും ചൂണ്ടിക്കാട്ടി ഹർജിക്കാരൻ 2.3.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ശ്രീ. കെ.ആർ.അരവിന്ദാക്ഷൻ 12.10.2020–ന് സമർപ്പിച്ച അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. & ജൂനിയർ സൂപ്രണ്ട് (സി–സെക്ഷൻ) മറുപടി

നൽകിയിട്ടുള്ളതാണെന്നും അപ്പീൽ ഹർജിക്കാരനെ 18.3.2021-ന് നേരിൽ കേട്ടിട്ടുള്ളതും, ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് ടി ഫയലിൽ നിന്ന് ആവശ്യമായ രേഖകളുടെ വിവരം അറിയിച്ചാൽ ടി രേഖകളുടെ പകർപ്പുകൾ അനുവദിക്കാവുന്നതാണെന്ന് കൂടിക്കാഴ്ചയിൽ ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നും കൂടുതൽ വിവരങ്ങൾ ആവശ്യമെങ്കിൽ ടി രേഖകളുടെ പകർപ്പ് സൗജന്യമായി നൽകുന്നതിന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി അപ്പീൽ അപേക്ഷ തീർപ്പാക്കുന്നുവെന്നുമാണ്.

5. എതിർകക്ഷികൾ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ മൂന്ന് ചോദ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്നും അപേക്ഷകന്റെ പരാതിയുമായി ബന്ധപ്പെട്ട് സി1, ബി6 സീറ്റുകളിൽ ഫയൽ നിലവിലുള്ളതും, ഫയലിൽ ലഭ്യമായ രേഖകളുടെ പകർപ്പുകൾ അപേക്ഷകന് നൽകിയിട്ടുള്ളതാണെന്നും ബന്ധപ്പെട്ട ഫയൽ പരിശോധിക്കുന്നതിന് അനുവാദം നൽകിയിരുന്നുവെന്നും മറ്റേതെങ്കിലും രേഖകളുടെ പകർപ്പുകൾ ആവശ്യമാണെങ്കിൽ ഫയൽ പരിശോധിക്കുന്ന സമയത്ത് അവ അനുവദിക്കുന്നതാണെന്നും മേൽ രേഖകളുടെ പകർപ്പുകൾ അപേക്ഷകന് തപാൽമാർഗ്ഗം അയച്ചു കൊടുത്തിട്ടുള്ളതാണെന്നും എന്നാൽ ടി പകർപ്പുകൾ ഹർജിക്കാരന് ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ഒരു സെറ്റ് കൂടി നൽകണമെന്ന് ആവശ്യപ്പെട്ട് വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ ടി രേഖകളുടെ പകർപ്പുകൾ 1.3.2021-ന് എതിർകക്ഷി ഓഫീസിൽ നിന്ന് ഹർജിക്കാരൻ നേരിട്ട് കൈപ്പറ്റിയിട്ടുള്ളതാണെന്നും ഫയലുകൾ പരിശോധിക്കുന്നതിന് അനുവാദം നൽകി കത്തും ഓർമ്മക്കുറിപ്പും വീണ്ടും നൽകിയെങ്കിലും അപേക്ഷകൻ ടി അവസരം ഉപയോഗിച്ചിട്ടില്ലാത്തതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, അപേക്ഷയിലെ 1-ാമത് ഇനമായി ചോദിച്ചത് ഹർജിക്കാരൻ നൽകിയ 15.2.2018-ലെ പരാതിയിന്മേൽ സ്വീകരിച്ച നടപടി വിവരവും, 2-ാമത് ഇനത്തിൽ മേൽപ്പടി പരാതിയുമായി ബന്ധപ്പെട്ട് എതിർകക്ഷി ഓഫീസ്, ജില്ലാ കളക്ടറേറ്റ്, പി.ഡബ്ല്യു.ഡി., ഇറിഗേഷൻ എന്നീ വകുപ്പുകളുമായി നടത്തിയ കത്തിടപാടുകളുടെയും മറ്റും പകർപ്പുകളാണെന്നും 3-മതായി ആവശ്യപ്പെട്ടത് ബന്ധപ്പെട്ട ഫയൽ നേരിൽ പരിശോധിക്കുന്നതിനുള്ള അനുമതി നൽകണമെന്നും കൂടാതെ ആവശ്യമെങ്കിൽ വിവരാവകാശ നിയമം 6(3) പ്രകാരമുള്ള നടപടി അപേക്ഷയിന്മേൽ സ്വീകരിക്കണമെന്നുമാണ്. ഹർജിക്കാരന്റെ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ സമയബന്ധിതമായി മറുപടി നൽകുകയും

ബന്ധപ്പെട്ട ഫയൽ പരിശോധിക്കുവാൻ അവസരവും നൽകി കൂടുതൽ രേഖകൾ ആവശ്യമെങ്കിൽ സൗജന്യമായി അവ നൽകുവാൻ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുള്ളതായും കാണുന്നു.

7. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ, അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പ്രധാന ചുമതല. മറ്റ് ഔദ്യോഗിക കാര്യങ്ങളോടൊപ്പമാണ് എസ്.പി.ഐ.ഒ. എന്ന നിലയിലുള്ള അവരുടെ ചുമതലയും നിർവ്വഹിക്കേണ്ടത്. എന്നതിനാൽ എതിർകക്ഷി സ്ഥാപനം പൊതു ജനങ്ങൾക്ക് നൽകേണ്ട മറ്റ് സേവനങ്ങൾക്ക് തടസ്സം വരാതെ എസ്.പി.ഐ.ഒ.യ്ക്ക് നോക്കേണ്ടതുമായിട്ടുണ്ട്. കൂടാതെ സാങ്കൽപ്പിക ചോദ്യങ്ങൾ, രേഖകളുടെ വിശദീകരണം, ഭരണപരമായ നടപടി സ്വീകരിച്ച് വിവരം സൃഷ്ടിച്ച് നൽകൽ, വിവരങ്ങൾ ക്രോഡീകരിച്ച് നൽകണമെന്ന ആവശ്യം മുതലായവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതുമല്ല. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷികൾ നൽകിയ മറുപടി വസ്തുതാപരമാണെന്നും എതിർകക്ഷിയുടെ ഭാഗത്ത് വിവരം നൽകുന്നതിൽ മന:പൂർവ്വം വീഴ്ച ഉണ്ടായതായും കാണുന്നില്ല.

8. എന്നാൽ ഹർജിക്കാരന്റെ ആവലാതി പരിഹരിക്കുന്നതിന് സഹായകമാകുന്ന ഏതെങ്കിലും രേഖകൾ ടിയാൻ ആവശ്യപ്പെട്ട ഫയലിൽ ലഭ്യമാണെങ്കിൽ, ഹർജിക്കാരൻ ആവശ്യപ്പെടുന്നപക്ഷം, ടി ഫയൽ നേരിട്ട് പരിശോധിച്ച് ആവശ്യമായ രേഖകളുടെ പകർപ്പുകൾ സൗജന്യമായി എടുക്കുന്നതിനുള്ള എല്ലാ സഹായങ്ങളും ഒന്നാം എതിർകക്ഷി ഒരിക്കൽ കൂടി ഹർജിക്കാരന് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഒക്ടോബർ 8-ാം തീയതി തീർപ്പാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**ഡോ. വിശ്വാസ് മേത്ത**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

us